**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 274** — **26-10-2021 - ൽ മറുപടിയ്ക്ക്**

**സർവകലാശാലകൾക്ക് കീഴിലുള്ള കോളേജുകൾക്ക് സ്വയംഭരണ അവകാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർവകലാശാലകൾക്ക് കീഴിലുള്ള കോളേജുകൾക്ക് സ്വയംഭരണ അവകാശം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത തീരുമാനത്തിലൂടെ കോളേജുകളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ സാധിക്കുമെന്ന് കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ എപ്രകാരമെന്ന് വ്യക്തമാക്കാമോ; | (ബി) | കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നതിലൂടെ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഉയർന്ന മികവു പുലർത്തുന്ന ആർട്സ് & സയൻസ് എൻജിനിയറിംഗ് കോളേജുകളെ പ്രോത്സാഹിപ്പിക്കുന്നതിന് അദ്ധ്യാപകരുടെ അക്കാദമിക സ്വാതന്ത്ര്യം പ്രോത്സാഹിപ്പിക്കുക, വിദ്യാർത്ഥികളെ വസ്തുനിഷ്ഠമായും കാര്യക്ഷമമായും വിലയിരുത്താൻ അവസരം ഉണ്ടാക്കുക, യു.ജി.സിയുടെ നിർദേശപ്രകാരം സംസ്ഥാനത്തെ ഓട്ടോണമസ് കോളേജുകൾ മികവിന്റെ കേന്ദ്രങ്ങളായി മാറുക എന്നിവ സാധിക്കുന്നതാണ്. 11ാം പഞ്ചവത്സര പദ്ധതി പ്രകാരം യു.ജി.സി നടപ്പിലാക്കിയ ഓട്ടോണമസ് കോളേജുകൾക്ക് നൽകുന്ന പ്രത്യേക ധനസഹായ പദ്ധതി പരിപൂർണ്ണമായും ഉപയോഗപ്പെടുത്തി കോളേജുകളുടെ പ്രവർത്തനം വിപുലപ്പെടുത്താനും അന്തർദ്ദേശീയ തലത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്തുണ്ടാകുന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കാൻ വിദ്യാഭ്യാസ മേഖലയെ സജ്ജമാക്കാനും കഴിയും. സ്വയംഭരണ പദവിയുള്ള കോളേജുകൾക്ക് സർവ്വകലാശാലയുടെ അംഗീകാരത്തോടെ പുതിയ പ്രോഗ്രാമുകൾ ആരംഭിക്കാനും സ്വന്തമായി സിലബസ് തയ്യാറാക്കാനുമുള്ള സ്വാതന്ത്ര്യമുണ്ട് |
| (സി) | 2012 -ൽ അന്നത്തെ സർക്കാർ കേരളത്തിൽ ഓട്ടോണമസ് കോളേജുകൾ ആരംഭിക്കുന്നതിനെക്കുറിച്ച് പഠിക്കാൻ ഡോ. | (സി) | 2012-ൽ ഡോ.എൻ.ആർ മാധവ മേനോൻ അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയെ കേരളത്തിൽ ഓട്ടോണമസ് കോളേജുകൾ ആരംഭിക്കുന്നതിനെ |

| | | | |
|---|---|---|---|
| | എൻ.ആർ. മാധവമേനോൻ അധ്യക്ഷനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നോ; | | ക്കുറിച്ച് പഠിക്കാൻ നിയോഗിക്കുകയും ടി കമ്മീഷൻ 2013 ഏപ്രിൽ 25ന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. |
| (ഡി) | എങ്കിൽ പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് എപ്പോൾ ലഭിച്ചുവെന്നും പ്രധാനപ്പെട്ട ശിപാർശകൾ എന്തൊക്കെയായിരുന്നുവെന്നും വ്യക്തമാക്കാമോ? | (ഡി) | ഡോ.എൻ.ആർ.മാധവമേനോൻ കമ്മിറ്റി റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ ഇവയാണ്. 1. സ്വയംഭരണാവകാശം നേടാനാഗ്രഹിക്കുന്ന കോളേജുകൾ അക്കാദമികവും ഭരണപരവുമായ പ്രവർത്തന മികവോടെ പത്ത് വർഷമെങ്കിലും പ്രവർത്തിച്ചിരിക്കണം. 2. എൻ.എ.എ.സിയുടെ എ ഗ്രേഡ് അക്രഡിറ്റേഷൻ നേടിയിരിക്കണം. 3. കോളേജിലെ മൂന്നിലൊന്ന് അദ്ധ്യാപകർ എം.ഫിൽ/ പി.എച്ച്.ഡി തുടങ്ങിയ ഗവേഷണ യോഗ്യതകൾ നേടിയവരാകണം. 4. ബിരുദതലത്തിലും ബിരുദാനന്തര ബിരുദ തലത്തിലുമുള്ള പഠന പ്രവർത്തനങ്ങൾ ഉണ്ടാകണം. 5. സർവകലാശാല പരീക്ഷകൾ, യുവജനോത്സവങ്ങൾ, സ്പോർട്സ് ആൻഡ് ഗെയിംസ്, എക്സ്റ്റൻഷൻ പ്രവർത്തനങ്ങൾ, കമ്മ്യൂണിറ്റി പ്രവർത്തനങ്ങൾ എന്നിവയിൽ മികച്ച പ്രവർത്തനം നടത്തിയിരിക്കണം. 6. ലൈബ്രറി, ഹോസ്റ്റൽ സൗകര്യങ്ങൾ, ഉപകരണങ്ങൾ, സ്റ്റാഫ് ക്വാർട്ടേഴ്സ്, ഐ.സി.ടി സഹായത്തോടെയുള്ള സേവനങ്ങൾ തുടങ്ങി അക്കാദമികവും ഭൗതികവും സാങ്കേതികവുമായ അടിസ്ഥാന സൗകര്യങ്ങളുണ്ടായിരിക്കണം. 7. ഉന്നത നിലവാരം പുലർത്തുന്ന സ്ഥാപന ഭരണ സംവിധാനം, ഭരണ പരിശീലനം, സേവന സംസ്കാരം , അച്ചടക്കം , അംഗീകൃത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അദ്ധ്യാപകരുടെയും സ്റ്റാഫിന്റെയും വിദ്യാർത്ഥികളുടെയും തിരഞ്ഞെടുക്കൽ, പരാതി സംവിധാനം എന്നിവ ഉണ്ടായിരിക്കണം. 8. ദുർബല വിഭാഗങ്ങൾക്ക് അവകാശ തുല്യതയും വിവേചനത്തിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്ത പാരമ്പര്യം ഉണ്ടാകണം. 9. പരീക്ഷാ സമ്പ്രദായത്തിന്റെ സത്യസന്ധത എല്ലാ അർത്ഥത്തിലും കാത്തു സൂക്ഷിക്കണം. 10. സ്വയംഭരണാവകാശം നേടാൻ ആഗ്രഹിക്കുന്ന കോളേജുകൾ തങ്ങളുടെ മാനേജ്മെന്റ്, അദ്ധ്യാപകർ, ഇതര ജീവനക്കാർ, വിദ്യാർത്ഥികൾ എന്നീ വിഭാഗങ്ങളെ ഇതിനായി തയ്യാറാക്കേണ്ടതാണ്. 11. ഓട്ടോണമി പദവി നൽകുന്ന കോളേജുകളിൽ യു.ജി.സി നിഷ്കർഷിക്കുന്ന തരത്തിലുള്ള ഗവേണിംഗ് ബോഡി, അക്കാഡമിക് കൗൺസിൽ, ബോർഡ് ഓഫ് സ്റ്റഡീസ്, ഫിനാൻസ് കമ്മിറ്റി എന്നിവ രൂപീകരിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ